## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 4385 — 4.2.2014 ലെ മറുപടിയ്ക്ക്

### എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്ക് നിയമനാംഗീകാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി.ഉബൈദുള്ള | | ശ്രീ.പി.കെ.അബ്ദുറബ്ബ് (ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) എയ്ഡഡ് വിദ്യാലയങ്ങളിൽ 2010 നുശേഷം ജോലിയിൽ പ്രവേശിച്ച അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരിൽ ഇതുവരെ അംഗീകാരം ലഭിക്കാത്തവരുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ; | (എ) | വിവരം ശേഖരിച്ചുവരുന്നു |
| (ബി) യു.ഐ.ഡി അനുസരിച്ചുള്ള തസ്തിക നിർണ്ണയം നടത്തി നിലവിൽ ശമ്പളമില്ലാതെ ജോലി ചെയ്യുന്ന മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ ; | (ബി) യും (സി) യും | 2010-11 ലെ തസ്തികനിർണ്ണയം 2011-12, 2012-13 വർഷങ്ങളിലേക്കും ബാധകമാക്കിയിട്ടുള്ളതിനാൽ തസ്തിക നിർണ്ണയത്തിന്റെ അഭാവംകൊണ്ട് അദ്ധ്യാപക-അനദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന് തടസ്സങ്ങൾ ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ സ്കൂളുകളിൽ യു.ഐ.ഡി അനുസരിച്ചുള്ള |

| | | |
|---|---|---|
| (സി) | സ്റ്റാഫ് ഫിക്സേഷനും തസ്തിക നിർണ്ണയത്തിനും ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ? | അദ്ധ്യാപക തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 29.11.2013 ലെ ജി.ഒ(പി) 313/13/പൊവിവ നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് 11.12.2013 ന് മുമ്പായി തസ്തിക നിർണ്ണയം നടത്തുന്നതിനും നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത (ഡബ്ലിയു.പി(സി) 30107/13) എന്ന കേസിന്റെ ഇടക്കാല വിധിയനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നതിന് കോടതി താല്ക്കാലിക വിലക്കേർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ല. |

സെക്ഷൻഓഫീസർ